ഉത്തരം

മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

ദിവ്യ.ആർ, ദീപു.ആർ എന്നിവർ നൽകിയ പരാതി

56 (1796) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവ്യ. ആർ, ദീപു. ആർ എന്നിവർ പെറ്റീഷൻ നമ്പർ 6055/CM/VIP/14 തീയതി 16-7-2014, കുമാരി അശ്വതി ജോൺ പെറ്റീഷൻ നമ്പർ 6831/CM/VIP/2015 തീയതി 31-8-2015 എന്നിവ പ്രകാരം ബഹു. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷ കളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെറ്റീഷനുകൾ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയോ; സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച എന്നറിയിക്കാമോ; ഇക്കാര്യം പരാതിക്കാരെയും എം.എൽ.എ.യെയും അറിയിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെറ്റീഷനുകൾക്ക്തൃപ്തികരമായ മറുപടി നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ സ്വീകരിച്ച് ഇവർക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; ഇവരുടെ തുടർ വിദ്യാഭ്യാസത്തിന് ബഹു. മുഖ്യമന്ത്രി നൽകിയിരിക്കുന്ന ഉറപ്പ് പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ദിവ്യ. ആർ, ദീപു. ആർ എന്നിവർ പെറ്റീഷൻ നമ്പർ 6055/സി.എം./വി.ഐ.പി./14 തീയതി 16-7-2014, കുമാരി അശ്വതി ജയിൻ സമർപ്പിച്ച പെറ്റീഷൻ നമ്പർ 6831/സി.എം./വി.ഐ.പി./15 തീയതി 31-8-2015 എന്നിവ അനന്തര നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷ മിഷന് നല്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അപേക്ഷകൾ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിരുന്നു. രണ്ട് അപേക്ഷകളിലും ഉൾപ്പെട്ട കുട്ടികൾ മാതാവും പിതാവും മരണപ്പെട്ടവരാണ്. മാതാവോ പിതാവോ മരണപ്പെട്ട നിർദ്ധനരായ ഗവ./എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വിദ്യാഭ്യാസ ധനസഹായമായി സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം മുതൽ സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈൻ ആയി മാത്രമാണ് സ്വീകരിക്കുന്നത്. അതനുസരിച്ച് അപേക്ഷകൾ വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായി സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് മറുപടി നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് യഥാസമയം മറുപടി നൽകിയതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും മറുപടി നൽകിയിരുന്നില്ല.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും അപേക്ഷകർക്ക് ഇക്കാര്യത്തിൽ അവർ പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് മറുപടി നൽകിയിട്ടുള്ളതാണ്. എം.എൽ.എ.യ്ക്ക് മറുപടി നൽകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ അപേക്ഷകൾ വിദ്യാർത്ഥി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഈ വർഷത്തെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15-1-2016 വരെ ദീർഘിപ്പിച്ചിരുന്നു. കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് ഇപ്പോൾ പരിശോധിക്കുവാൻ നിർവ്വാഹമില്ല. പ്രസ്തുത വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിഗണിച്ച് പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്.

അങ്കമാലി നിയോജകമണ്ഡലം

57 (1797) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മാമ്പ്രകരയിൽഎരയാംകുടി കരയിൽ കുന്നപ്പിള്ളി വീട്ടിൽ ശാന്ത സുബ്രഹ്മണ്യൻ, തുറവൂർ പഞ്ചായത്തിൽ ആനപ്പാറ കരയിൽ വടക്കുംതല വീട്ടിൽ ജോൺസൺ, പാറക്കടവ് പഞ്ചായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly